കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കടമ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/2048/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ജില്ല

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497 2707698

തീയ്യതി: 18.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

കടമ്പൂർ ഗ്രാമപഞ്ചായത്ത്

സർ.

വിഷയം : കടമ്പൂർ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

-----------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/2048/2018 തീയ്യതി: 18.01.2019

# കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01-08-2017 മുതൽ 12-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 27അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ എം.പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 13/11/2018 മുതൽ 28/11/2018 വരെ | ശ്രീ. കെ.വി.പ്രമോദ് | ഓഡിറ്റ് ഓഫിസർ |
| | ശ്രീമതി. ഉഷ എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അനഅബ്രഹാം | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഗിരീശൻ കെ കെ | 01/04/2017 മുതൽ 31/03/2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ഉമേഷ്ബാബു കോട്ടായി | 01/04/2017 മുതൽ 31/03/2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ടി. വി. ബാലകൃഷ്ണൻ | 01/04/2017 മുതൽ 23/05/2017 വരെ |
| | ശ്രീമതി.രാഗിണി കെ കെ | 24/05/2017 മുതൽ 22/06/2017വരെ |
| | ശ്രീ.സി. ടി. മനോജ് | 23/06/2017മുതൽ 31/03/2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദീപ്തി ആർ | 01/04/2017 മുതൽ 17/11/2017വരെ |
| | ശ്രീമതി.റംസീന വി | 18/11/2017മുതൽ 25/02/2018വരെ |
| | ശ്രീ.പ്രസാദ് വി വി | 26/02/2018മുതൽ 31/03/2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി..തുളസി ചെങ്ങാട്ട് | 01/04/2017 മുതൽ 29/10/2017വരെ |
| | ശ്രീമതി.കൃഷ്ണ എസ്. | 30/10/2017മുതൽ 09/03/2018വരെ (10/03/18 മുതൽ 18/03/18 വരെ ഒഴിവ്) |
| | ശ്രീമതി.ബിന്ദു എൻ കെ | 19/03/2018മുതൽ 31/03/2018വരെ |
| വി.ഇ.ഒ.(കടമ്പൂർ) | ശ്രീ.റനിൽ പി പി | 01/04/2017മുതൽ 05/10/2017വരെ |
| | ശ്രീ.സിനൂപ് സി വി | 06/10/2017മുതൽ 20/10/2017വരെ |

| | | |
|---|---|---|
| | ശ്രീ.ബിബിൻ ചന്ദ്ര വി ബി | 21/10/2017മുതൽ 31/03/2018വരെ |
| വി.ഇ.ഒ. (കാടാച്ചിറ) | ശ്രീ.സിനൂപ് സി വി | 01/04/2017മുതൽ 12/06/2017വരെ |
| | ശ്രീ.റനിൽ പി പി (അധിക ചുമതല) | 13/06/2017മുതൽ 22/06/2017വരെ |
| | ശ്രീ.സിനൂപ് സി വി | 23/06/2017മുതൽ 09/07/2017വരെ |
| | ശ്രീ.റനിൽ പി പി (അധിക ചുമതല) | 10/07/2017മുതൽ 10/08/2017വരെ |
| | ശ്രീ.സിനൂപ് സി വി | 11/08/2017മുതൽ 13/12/2017വരെ |
| | ശ്രീ.ബിബിൻ ചന്ദ്ര വി ബി(അധിക ചുമതല) | 14/12/2017മുതൽ 04/02/2018വരെ |
| | ശ്രീ.സിനൂപ് സി വി | 05/02/2018മുതൽ 31/03/2018വരെ |
| മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യകേന്ദ്രം) | ഡോ ഇസ്മയിൽ സി വി ടി | 01/04/2017 മുതൽ 31/03/2018വരെ |
| വെറ്റിനറി സർജൻ | ഡോ.കിരൺ വിശ്വനാഥൻ | 01/04/2017 മുതൽ31/03/2018വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ജമീല സി | 01/04/2017 മുതൽ 31/03/2018വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | തൊഴിൽ നികുതി അപാകങ്ങൾ | 2-1 |
| 14 | മത്സ്യമാർക്കറ്റ് ലേലം-ലേല നോട്ടീസ് വ്യവസ്ഥകൾ പാലിച്ചില്ല-ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ₹67,130 രൂപ ഒടുക്കി. | 2-2 |
| 15 | ബി.എസ്.എൻ.എൽ. ടവറുകളുടെ വസ്തുനികുതി കുടിശ്ശിക- | 2-3 |

| | | |
|---|---|---|
| | ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 16 | ഇ-ടെണ്ടർ ഫീയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2-4 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | പച്ചക്കറി കൃഷി -കൂലിച്ചെലവ് സബ്സിഡി - രേഖകൾ ഹാജരാക്കയില്ല ₹3400/- തടസ്സപ്പെടുത്തുന്നു | 3-1 |
| 18 | നെൽകൃഷി വികസനം- രേഖകളുടെ അഭാവത്തിൽ ₹ 68,400/- തടസ്സപ്പെടുത്തുന്നു. | 3-2 |
| 19 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 3-3 |
| 20 | ടെണ്ടർ നേടിയിട്ടും പ്രവൃത്തി ഏറ്റെടുക്കാത്ത കരാർ സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല. | 3-4 |
| 21 | ശ്മശാനം കെട്ടിട നിർമ്മാണം - പ്രവൃത്തി സ്ഥലം കൈമാറിയതിലെ കാലതാമസവും മറ്റു അപാകങ്ങളും | 3-5 |
| 22 | സ്വയം തൊഴിലിന് സബ്സിഡി - സംരംഭം ആരംഭിക്കാത്തതും വായ്പ അനുവദിക്കും മുന്നെ സബ്സിഡി ലഭ്യമാക്കിയതും - 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-6 |
| 23 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ വർദ്ധിച്ച ടെലഫോൺ ബിൽ- അന്വേഷണ വിധേയമാക്കേണ്ടതാണ്. | 3-7 |
| 24 | മാലിന്യ നിർമ്മാർജനം -ചെലവു രേഖകൾ ലഭ്യമാക്കിയില്ല - ₹80,000 തടസ്സപ്പെടുത്തുന്നു | 3-8 |
| 25 | സാമൂഹ്യ സുരക്ഷാ പെൻഷൻ -അപാകങ്ങൾ | 3-9 |
| 26 | പത്രപരസ്യം - സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല. | 3-10 |

| | | |
|---|---|---|
| 27 | ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടത്തേണ്ടതാണ്. | 3-11 |
| 28 | കലാ കായിക വികസനം -മാർഗ്ഗരേഖാ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. | 3-12 |
| 29 | വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3-13 |
| 30 | തെരുവ് വിളക്ക് വാർഷിക പരിപാലനം - അപാകങ്ങൾ | 3-14 |
| 31 | തെരുവ് വിളക്ക് വൈദ്യുതി ചാർജ് -അപാകങ്ങൾ | 3-15 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 32 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപം | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 39 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധങ്ങൾ | | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 43 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-1 |

| | | |
|---|---|---|
| 44 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 45 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് 20/03/2017തീയതിയിലെ 52/17(1) തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 16/03/2018 തീയതിയിലെ 65/18(1) തീരുമാനപ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| മുന്നിരിപ്പ് | | മുന്നിരിപ്പ് | 6854028 |
| വരവ് | | വരവ് | 79405420 |
| ആകെ | 51391230 | ആകെ | 86259448 |
| ചെലവ് | 50745530 | ചെലവ് | 82708448 |
| നീക്കിയിരിപ്പ് | 645700 | നീക്കിയിരിപ്പ് | 3551000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2018 | 15/05/2018 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20/06/2018 -21/06/2018 | KSA/KNR/C6/1247/2018 തീ. 23/08/2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4308392 |
| വരവ് | 38874091 |

| | |
|---|---|
| ആകെ | 43182483 |
| ചെലവ് | 35193993 |
| നീക്കിയിരിപ്പ് | 7988490 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 7990000 | 7990000 | 7551139 | 438861 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 503692 | 503692 | 428761 | 74931 |
| വികസന ഫണ്ട്-ടി.എസ്..പി (ACR പ്രകാരം) | - | 26989 | 26989 | 0 | 26989 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 4694000 | 4694000 | 3810246 | 883754 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 2591000 | 2591000 | 2147620 | 443380 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 3752446 | 3752446 | 3356042 | 396404 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | - | 940774 | 940774 | 924487 | 16287 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 1293 | 232485 | 233778 | 0 | 233778 |
| ദുരിതാശ്വാസനിധി | | 17114 | 856 | 17970 | 0 | 17970 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 4709455 | 4709455 | 4709455 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 750 | 436093 | 436843 | 434855 | 1988 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)<br>ശുചിത്വ മിഷൻ<br>ഐ. സി. ഡി. എസ്.<br>എം പി ഫണ്ട് | | 171000<br>268751<br>20373 | 1371544<br>470532<br>758 | 1542544<br>739283<br>21131 | 301255<br>398943<br>0 | 1241289<br>340340<br>21131 |
| ബി ഫണ്ട് | | - | 34352000 | 34352000 | 34352000 | - |
| വിമുക്തി | | 15000 | 12500 | 27500 | 12000 | - |
| തൊഴിൽ രഹിത വേതനം | | - | 12000 | 12000 | 12000 | 15500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത്, | 54552 | 2683900 | 2738452 | 470217 | 2268235 |
| | ജില്ലാ പഞ്ചായത്ത് | - | 2912600 | 2912600 | 1836022 | 1076578 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ്(ട്രഷറി അക്കൗണ്ട്) | | 1358561 | 6343000 | 7701561 | 7033350 | 668211 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2461480 | 6306642 | 8768122 | 7536015 | 1232107 |
| ഗുണഭോക്തൃ വിഹിതം | | 42581 | 395171 | 437752 | 434170 | 3582 |

# 1-6 പദ്ധതി അവലോകനം

1)ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 36961969 | 99 | 22869828 | 4 | 31 | 73.88 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 5537064 | 25 | 5017678 | 22 | 88 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കടമ്പൂർ) | 4324558 | 13 | 2370659 | 11 | 84.61 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കാടാച്ചിറ) | 1218055 | 5 | 926809 | 5 | 100 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 18509146 | 61 | 8344732 | 38 | 62.29 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3202002 | 9 | 2329250 | 8 | 88.88 |
| വെറ്ററിനറി സർജൻ | 614300 | 7 | 450072 | 7 | 100 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 530000 | 1 | 530000 | 1 | 100 |
| ഐസി ഡി എസ് സൂപ്പർവൈസർ | 2622394 | 5 | 2616867 | 5 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 404450 | 8 | 283761 | 6 | 75 |
| ആകെ | 36961969 | 134 | 22869828 | 103 | - |

2)പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

3)പ്രൊജക്റ്റ് നിർവ്വഹണത്തിലെ കുറവ് -ഒരു കോടിയിൽപരം രൂപയുടെ വികസന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന് ലഭ്യമാകാതെ പോയി.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം സെക്രട്ടറി ഉൾപ്പെടെ 9 നിർവ്വഹണ ഉദ്യോഗസ്ഥരാണ് വിവിധങ്ങളായ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയിട്ടുള്ളത്.ആയതിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണചുമതല ഏൽപിക്കപ്പെട്ട ₹ 1,85,09,146 അടങ്കലുള്ള 61 പ്രൊജക്ടുകളിൽ ₹ 83,44,732 ചെലവഴിച്ച് 38 എണ്ണമേ നടപ്പിലാക്കിയിട്ടുള്ളൂ.ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലഭ്യമാകേണ്ടിയിരുന്ന ഒരു കോടിയിൽപ്പരം രൂപയുടെ വികസനപ്രവർത്തനങ്ങൾ ഇതുവഴി നഷ്ടപ്പെടുകയാണുണ്ടായത്.

4)മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല.

പ്രവൃത്തി നിർവ്വഹണ വേളയിൽ മോണിറ്ററിംഗ് ഗ്രൂപ്പായി മാറി പ്രവൃത്തി അവലോകനം ചെയ്യേണ്ടത് പദ്ധതി മാർഗ്ഗരേഖപ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഇപ്രകാരം പദ്ധതി നിർവ്വഹണ പുരോഗതി,അതിന്റെ നേട്ടകോട്ടങ്ങൾ ഇവ യോഗങ്ങളിൽ ചർച്ച ചെയ്യുന്നില്ല.പദ്ധതിക്കാവശ്യമായ പ്രൊജക്ടുകൾ ശിപാർശ ചെയ്യുന്നതോടെ വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തം പൂർത്തിയായെന്ന തോതിലാണ് മിക്ക പ്രവർത്തകഗ്രൂപ്പുകളും ആസൂത്രണനിർവ്വഹണ പ്രക്രിയയിൽ ഏർപ്പെട്ടിട്ടുള്ളത്. വിവിധങ്ങളായ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളിൽ ഫയൽ രേഖകളുടെ പൂർത്തീകരണത്തിനു വേണ്ടി മാത്രം ഒരു മോണിറ്ററിംഗ് റിപ്പോർട്ട് പ്രവർത്തകഗ്രൂപ്പിലെ ഏതെങ്കിലുമൊരംഗം സാക്ഷ്യപ്പെടുത്തിവയ്ക്കുകയാണ് ചെയ്യുന്നത്.അതുകൊണ്ടുതന്നെ പദ്ധതി നിർവ്വഹണം എത്രത്തോളം ഫലപ്രദമായെന്നുള്ള യഥാർത്ഥ വിലയിരുത്തൽ നടക്കുന്നില്ല.ഉദാഹരണത്തിന് വി.ഇ.ഒ നിർവ്വഹണം നടത്തിയ വനിതാ സ്വയംതൊഴിൽ സംരംഭം (പ്രൊജക്റ്റ് നം. 128/18 ) എന്ന പ്രൊജക്ടിൽ സ്വയം തൊഴിൽ ആരംഭിച്ചത് മോണിറ്ററിംഗ് ചെയ്യേണ്ടത് പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.വികസന ഫണ്ടിൽ നിന്നും സബ്സിഡി ആനുകൂല്യം നൽകി മാസങ്ങൾ പിന്നിട്ടിട്ടും ഗുണഭോക്താക്കളിൽ ചിലർ സംരംഭം

ആരംഭിക്കാതരുന്നിട്ടും പ്രതീക്ഷിത ലക്ഷ്യം കൈവരിച്ചതായും നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായുള്ള റിപ്പോർട്ടാണ് പ്രസ്തുത മോണിറ്ററിംഗ് കമ്മറ്റി നൽകിയിട്ടുള്ളത്.

5)കീഴ്ഘടകനിർദ്ദേശങ്ങളിൽ ഗൗരവമായവ മേൽസമിതി വേണ്ടരീതിയിൽ പരിഗണിക്കുന്നില്ല.

അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കാരണം പ്രയാസമനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന് സൗകര്യപ്രദമായ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്ക് മുൻഗണന നൽകണമെന്ന പൊതുഭരണധനകാര്യവർക്കിംഗ് ഗ്രൂപ്പ് 17.02.17 ലെ നിർദ്ദേശം; എടക്കാട്, കാടാച്ചിറ,ആഡൂർ എന്നിവിടങ്ങളിൽ പൊതുടോയിലറ്റ് സ്ഥാപിക്കുവാനുള്ള കുടിവെള്ള ശുചിത്വ വർക്കിംഗ് ഗ്രൂപ്പിന്റെ 10.05.17 ലെ നിർദ്ദേശം ഇവയൊന്നും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളോ ഭരണസമിതിയോ വേണ്ടവിധത്തിൽ ചർച്ച ചെയ്യുകയോ പദ്ധതിയിലുൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6)വനിതാ ഘടകപദ്ധതിയിലെ തെറ്റായ ഉൾപ്പെടുത്തലുകൾ:-

സർക്കാർ ഉത്തരവ്(എം.എസ്.)നം.72/2017/തസ്വഭവ 29/03/17 ഖ.13.3 ൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്. ആയയതിന്റെ പരിധിയിൽ വരാത്തവയും വനിതാഘടക പദ്ധതിയായി നടപ്പിലാക്കിയിട്ടുണ്ട്.

ഉദാ: പച്ചക്കറി കൃഷി (വനിത),പ്രൊജക്ട് നം: 70/17-18

7)പ്രവൃത്തി അവലോകനം: നടപ്പിലാക്കാത്ത തീരുമാനങ്ങൾ

പൊതുമരാമത്ത് പ്രവൃത്തി വിലയിരുത്തുന്നതിന് 2 ആഴ്ച കൂടുമ്പോൾ യോഗം ചേരുമെന്ന് 14.11.17 ലെ 18/17 നമ്പറായി വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്.എന്നാൽ ഇപ്രകാരം യോഗം ചേരുകയോ പ്രവൃത്തി അവലോകനം നടത്തുകയോ ചെയ്തതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഭരണസമിതിയുടെ 20.11.17 ലെ 324/17(2) നമ്പർ തീരുമാനപ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിനായി എല്ലാ വാർഡുകളിലും ഗുണഭോക്തൃകമ്മറ്റികൾ രൂപീകരിക്കുവാൻ വാർഡ് മെമ്പർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും കമ്മറ്റികൾ രൂപീകരിച്ചതിന്റെയും പ്രവൃത്തി മേൽനോട്ടം നടത്തിയതിന്റെയും രേഖകൾ ലഭ്യമല്ല.

8)വിദ്യാഭ്യാസമേഖലയിൽ ശ്രദ്ധയൂന്നിയില്ല.

ആരോഗ്യവിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പോ,ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയോ വിദ്യാഭ്യാസമേഖലയെക്കുറിച്ച് കാര്യമായ ചർച്ചകൾ നടത്തി കാണുന്നില്ല. 2017-18 ൽ വിദ്യാലയങ്ങൾക്ക് പത്രവിതരണത്തിന് വാർഷിക പദ്ധതിയിൽ പ്രൊജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കിയിട്ടില്ല.

9)അങ്കണവാടി: അടിസ്ഥാന സൗകര്യവികസന പ്രൊജക്ടുകൾ മിക്കതും നടപ്പിലാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ 17 അങ്കണവാടികളിൽ 12 എണ്ണത്തിനുമാത്രമേ സ്വന്തം കെട്ടിടമുള്ളൂ. 7 അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യവും 6 എണ്ണത്തിനു ചുറ്റുമതിലും ഇല്ല.സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിന്റെ 13.02.17 ലെയും പൊതുഭരണധനകാര്യവർക്കിംഗ് ഗ്രൂപ്പിന്റെ 21.04.17 ലെയും യോഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 12 പ്രൊജക്ടുകൾ അങ്കണവാടി

പുനരുദ്ധാരണത്തിനായി 2017-18 ലെ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചുവെങ്കിലും 3 എണ്ണം മാത്രമേ നടപ്പാക്കിയിട്ടുള്ളു.

10)മിനുട്സിൽ യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തിയില്ല.

യോഗങ്ങളുടെ മിനുറ്റ്സ് കൃത്യമായി രേഖപ്പെടുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളിൽ ചിലത് ചില ദിവസങ്ങളുടെ യോഗത്തിന്റെ തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ: 1) കൃഷി അനുബന്ധമേഖല ;14.05.17, 10.01.18 തീയ്യതിയിലെ യോഗങ്ങൾ

2) മൃഗസംരക്ഷണം :14.05.17, 22.02.18 തീയ്യതിയിലെ യോഗങ്ങൾ

11)ഗ്രാമസഭ

ഗ്രാമസഭകളുടെ 2017-18 വർഷത്തെ മിനുട്സ് പരിശോധിച്ചതിൽ കാണാൻ സാധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1) വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭ ചർച്ച ചെയ്തിട്ടില്ല.

2) വ്യത്യസ്ത ക്ഷേമ പെൻഷനുകൾക്കായി 2017-18 വർഷം പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 750 | 436093 | 436843 | 434855 | 1988 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 4709455 | 4709455 | 4709455 | - |
| ആകെ | 750 | 5145548 | 5146298 | 5144310 | 1988 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12000 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 1805700 | 160 |
| വിധവാപെൻഷൻ | 7992600 | 661 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 19845300 | 1590 |
| വികലാംഗപെൻഷൻ | 2361500 | 205 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1941400 | 163 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-11-18ന് ഉച്ചകഴിഞ്ഞ് 3.55 ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.
₹ 24,514/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

2017-18 വർഷത്തിൽ 8 തവണ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ യോഗം ചേരുകയും നികുതി പിരിവ് പുരോഗതി,ഫ്രണ്ട് ഓഫീസ് പ്രവർത്തനം ,ഫയൽ തീർപ്പിലെ പുരോഗതി തുടങ്ങിയ കാര്യങ്ങൾ വിവിധ യോഗങ്ങളിലായി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. സെപ്റ്റംബർ, ഒക്ടോബർ, ജനവരി, മാർച്ച് മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല.ജീവനക്കാരുടെ പ്രതിമാസയോഗം വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കിക്കൊണ്ട് ജോലിവിഭജനം നടത്തി സെക്രട്ടറി ഉത്തരവിറക്കിയിട്ടുണ്ട്. ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.തീർപ്പാക്കിയ തപാലുകളുടെ കാര്യത്തിൽ തീർപ്പാക്കിയ വിവരം കാണിച്ച് പേഴ്സണൽ രജിസ്റ്ററിൽ തപാൽ ക്ലോസ് ചെയ്തിട്ടില്ല. പേഴ്സണൽ രജിസ്റ്റർ ഹെഡ് ക്ലർക്കിനും സെക്രട്ടറിക്കും പരിശോധനക്കായി സമർപ്പിക്കപ്പെടുന്നില്ല.തപാൽ നീക്കത്തിന്റെ സുതാര്യതയും വേഗത്തിലുള്ള തീർപ്പും അനിവാര്യമാക്കുന്നതിന് പേഴ്സണൽ രജിസ്റ്റർ സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ മേൽനോട്ട പരിശോധന നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഘടകസ്ഥാപനമായ കൃഷി ഓഫീസിന്റെ 2014 ഒക്ടോബർ മുതലുള്ളതും പൂങ്കാവ് സാംസ്കാരിക നിലയത്തിന്റെ 2014 ജൂൺ മുതലുള്ളതുമായ വെള്ളക്കരകുടിശ്ശിക പിഴ ഒഴിവാക്കിക്കൊണ്ട് യഥാക്രമം 50909/- രൂപയും 6568/- രൂപയും ഓഡിറ്റ് വർഷത്തിൽ ഒടുക്കിയിട്ടുണ്ട്. യഥാസമയം തുക ഒടുക്കാതെ ദീർഘകാല കുടിശ്ശികയ്ക്കിടയാക്കിയതിൽ വരുത്തിവച്ചത് ഘടകസ്ഥാപനങ്ങളുടെ പാലനത്തിലുള്ള വീഴ്ചയും കാരണമാക്കിയിട്ടുണ്ട്. 3 വർഷത്തിലേറെ കുടിശ്ശികയായിട്ടും ബിൽ ലഭിക്കാത്തതുകൊണ്ടാണ് തുക ഒടുക്കാതിരുന്നത് എന്ന സെക്രട്ടറിയുടെ മറുപടി (ഓഡിറ്റ് അന്വേഷണം 21/26.11.18) തീർത്തും സാങ്കേതികമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-03-2011 മുതൽ 26-03-2011 വരെ | 2005-06മുതൽ 2009-10 വരെ | 16-05-11 |
| പെർഫോമൻസ് ഓഡിറ്റ് | 05-09-18 മുതൽ 11-10-18 വരെ | 07/18 മുതൽ 09/18 വരെ | 23.11.18 |

## 1-12 വാർഷികകണക്കുകളിലെ അപാകങ്ങൾ

കടനൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക കണക്കുകളിൽ അവശേഷിക്കുന്ന അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തുനികുതിയിനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും; ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

എന്നാൽ താഴെ പറയുന്നവരിൽ നിന്നും 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. കരാറുകാർ:

2017-18 വർഷം ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അസി.എഞ്ചിനീയറുടെ ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 6 കരാറുകാർ പഞ്ചായത്തിൽ വിവിധ പൊതു മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/23.11.18) 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി അടവാക്കേണ്ടുന്നതായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.ഇൻഷുറൻസ് സേവനകേന്ദ്രങ്ങൾ

കടനൂർ ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ പരിശോധിച്ചതിൽ പഞ്ചായത്തു പരിധിയിൽ 5

ഇൻഷ്വറൻസ് സേവനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയിൽ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മാത്രമാണ് തൊഴിൽ നികുതി ഒടുക്കിയിരിക്കുന്നത്. മറ്റ് ഇൻഷ്വറൻസ് സേവനകേന്ദ്രങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തേണ്ടതും, ഉണ്ടെങ്കിൽ വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യേണ്ടതുമാണ്.

3.താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാർ 60 ദിവസത്തിൽ കൂടുതൽ പഞ്ചായത്തു പരിധിയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് | സ്ഥാപനം/ഉദ്യോഗപ്പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധ വർഷം | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ.രാജസുന്ദരൻ പി. | കടമ്പൂർ ഗ്രാമപഞ്ചായത്ത്/അക്കൗണ്ടന്റ് | ഒന്നാം അർദ്ധവർഷം | 01.07.17ന് ട്രാൻസ്ഫർ ആയി |
| 2 | ശ്രീമതി.സൈബുന്നീസ ഇ.പി. | കടമ്പൂർ ഗ്രാമപഞ്ചായത്ത്/ക്ലർക്ക് | ഒന്നാം അർദ്ധവർഷം | 27.07.17ന് ട്രാൻസ്ഫർ ആയി |
| 3 | ശ്രീ.ശശീന്ദ്രൻ സി.എ. | കടമ്പൂർ ഗ്രാമപഞ്ചായത്ത്/അക്കൗണ്ടന്റ് | രണ്ടാം അർദ്ധവർഷം | 01.01.18ന് ട്രാൻസ്ഫർ ആയി |
| 4 | ശ്രീമതി.നിത പി.വി. | PHC കാടാച്ചിറ/ ഫാർമസിസ്റ്റ് | രണ്ടാം അർദ്ധവർഷം | 27.12.17ന് ടെർമിനേറ്റ് ചെയ്തു |
| 5 | ഡോ.രാധിക പി. | ആയുർവേദ ഡിസ്പെൻസറി-കടമ്പൂർ/മെഡിക്കൽ ഓഫീസർ | ഒന്നാം അർദ്ധവർഷം | 31.05.17ന് ട്രാൻസ്ഫർ ആയി |
| 6 | ഡോ.ബിന്ദു കുറുപ്പ് | ഹോമിയോ ഡിസ്പെൻസറി-കടമ്പൂർ/മെഡിക്കൽ ഓഫീസർ | ഒന്നാം അർദ്ധവർഷം | 31.07.17ന് ട്രാൻസ്ഫർ ആയി |
| 7 | ശ്രീ.ജോയ് എം. | വെറ്റിനറി ഡിസ്പെൻസറി-കടമ്പൂർ/അസി.ഫീൽഡ് ഓഫീസർ | ഒന്നാം അർദ്ധവർഷം | 02.08.17ന് ട്രാൻസ്ഫർ ആയി |

| | | | | |
|---|---|---|---|---|
| 8. | ശ്രീമതി.ദീപിക പി.വി. | സബ്പോസ്റ്റ് ഓഫീസ്,കാടാച്ചിറ/പോസ്റ്റൽ അസിസ്റ്റന്റ് | ഒന്നാം അർദ്ധവർഷം | 09.06.17ന് ട്രാൻസ്ഫർ ആയി |
| 9 | ശ്രീ.ജോൺസൺ പി. | കേരളഗ്രാമീൺ ബാങ്ക്,എടക്കാട്/OA | രണ്ടാം അർദ്ധവർഷം | രണ്ടാം അർദ്ധ വർഷത്തെ റിട്ടേണിൽ പേരുൾപ്പെട്ടിട്ടില്ല |
| 10 | ശ്രീമതി.പ്രസീത പി.വി. | കണ്ണൂർജില്ലാ സഹകരണ ബാങ്ക്,എടക്കാട് | രണ്ടാം അർദ്ധവർഷം | " " |
| 11 | ശ്രീമതി.രഹ്ന സി.വി. | കണ്ണൂർജില്ലാ സഹകരണ ബാങ്ക്,എടക്കാട് | രണ്ടാം അർദ്ധവർഷം | " " |
| 12 | ശ്രീ.പ്രശാന്ത്കുമാർ എം.ടി. | കണ്ണൂർജില്ലാ സഹകരണ ബാങ്ക്,എടക്കാട് | രണ്ടാം അർദ്ധവർഷം | " " |
| 13 | ശ്രീമതി.ലീന | ചാല ,HSS | ഒന്നാം അർദ്ധവർഷം | 29.06.17ന് ട്രാൻസ്ഫർ ആയി |
| 14 | ശ്രീ.ഗീതാനന്ദൻ | ചാല,HSS | ഒന്നാം അർദ്ധവർഷം | 18.07.17ന് ട്രാൻസ്ഫർ ആയി |
| 15 | ശ്രീ.ബാലകൃഷ്ണൻ | ചാല ,HSS | ഒന്നാം അർദ്ധവർഷം | 29.06.17ന് ട്രാൻസ്ഫർ ആയി |
| 16 | ശ്രീ.ഉബൈദ് കെ.പി. | ചാല,HSS | ഒന്നാം അർദ്ധവർഷം | ഒന്നാം അർദ്ധവർഷത്തെ റിട്ടേണിൽ പേരുൾപ്പെട്ടിട്ടില്ല. |

ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 10/23.11.18) പട്ടികയിൽ പരാമർശിച്ച ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ

തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മത്സ്യമാർക്കറ്റ് ലേലം-ലേല നോട്ടീസ് വ്യവസ്ഥകൾ പാലിച്ചില്ല.ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ₹ 67,130/- ഒടുക്കി.

കടമ്പൂർ ഗ്രാമപഞ്ചായത്തു പരിധിയിലുള്ള എടക്കാട് മത്സ്യമാർക്കറ്റിന്റെ ലേല രജിസ്റ്ററും ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

എടക്കാട് മത്സ്യമാർക്കറ്റിന്റെ 2018-19 വർഷത്തെ ഫീസ് പിരിക്കുന്നതിനുള്ള പുനർലേലം 24.03.18 ന് നടത്തുകയും ശ്രീ.അഷ്കർ എം.വി. ₹ 1,09,000 രൂപയ്ക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. പഞ്ചായത്തു പരസ്യപ്പെടുത്തിയ ലേല നോട്ടീസ് പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ അന്നു തന്നെ ലേലത്തുക പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. എന്നാൽ പകുതി തുകയായ ₹ 54,500 മാത്രമാണ് 28/03/18 തിയതിയിലെ 117020105859 നം രശീതി പ്രകാരം അടവാക്കിയിരിക്കുന്നത്.

ആയത് ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് (ഓഡിറ്റ് അന്വേഷണം-12/23.11.18)കുറവുവന്ന ലേല തുക നികുതികളടക്കം ₹65,400 രശീതി നം.118020103671/27.11.18 പ്രകാരവും ലേല നോട്ടീസ് പ്രകാരം വ്യവസ്ഥ ചെയ്ത ഇൻകം ടാക്സ് ഇനത്തിൽ കുറവു വന്ന ₹1730 രശീതി നം 118020103672/27.11.18 പ്രകാരവും ലേലം കൊണ്ടയാൾ ഗ്രാമപഞ്ചായത്തു ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

## 2-3 ബി.എസ്.എൻ.എൽ. ടവറുകളുടെ വസ്തുനികുതി കുടിശ്ശിക- ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2 ബി.എസ്.എൻ.എൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ടവറുകളുടെ 2013-14 മുതൽ 2017-18 വരെയുള്ള വസ്തുനികുതി കുടിശ്ശികയാണ്. ജി.ഒ(ആർ.ടി)2640/2012 /ത.സ്വ.ഭ.വ.തീയതി-19.09.2011 പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട സെക്ഷന്റെ ഓഫീസ് നോട്ട് പ്രകാരം വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ ജപ്തി നടപടി സ്വീകരിച്ചെങ്കിലും പ്രായോഗികമായില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബി.എസ്.എൻ.എൽ ടവറുകളുടെ കുടിശ്ശിക വസ്തുനികുതി ഈടാക്കാനുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ ഫീയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫീ ₹19,000/- ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല .വിശദവിവരം ചുവടെ:

| ക്രമ നം. | പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ |
|---|---|---|---|
| 1 | 36/18 | ആഢൂർ വായനശാല ചെകുത്താൻ കണ്ടി വഴി അംഗനവാടി റോഡ് ടാറിംഗ്. | 1500 |
| 2 | 139/18 | ഹരിത കേരള മിഷൻ- മെറ്റീരിയൽ കലക്ഷൻ യൂനിറ്റും പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂനിറ്റും സ്ഥാപിക്കൽ | 5000 |
| 3 | 117/18 | പൊതു ശ്മശാനം (ഗ്യാസ്) കെട്ടിട നിർമ്മാണം | 12500 |
| | | ആകെ | 19000 |

ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർ സ്വീകരിക്കാൻ തുടങ്ങിയ കാലയളവ് മുതൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീയിനത്തിലെ തുക കൂടി കണക്കാക്കി ഇതോടൊപ്പം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പച്ചക്കറി കൃഷി -കൂലിച്ചെലവ് സബ്സിഡി - രേഖകൾ ഹാജരാക്കയില്ല ₹3400/-രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 142 /18

പ്രോജക്ടിന്റെ പേര് : പച്ചക്കറി കൃഷി -കൂലിചെലവ് സബ്സിഡി

വകയിരുത്തിയ തുക : ₹ 34,000 വികസന ഫണ്ട് ജനറൽ

: ₹ 34,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ആകെ : ₹ 68,000

ചെലവു തുക : ₹ 34,000

ബിൽ നമ്പർ / തീയ്യതി : 12/17-18/ 31-03-2018

: ₹ 34,000

ചെക്ക് നം. 6863710 തീയതി:28/03/18

ആകെ : ₹ 68,000

4ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിചെയ്യുന്നതിന ഹെക്ടറിന് ₹17000 /- രൂപ നിരക്കിൽ കൂലി ചെലവ് സബ്സിഡി നൽകുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

കൃഷിഭൂമിയുടെ ആനുപാതികമായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ട 11 ഗുണഭോക്താക്കൾക്ക് കൂലിച്ചെലവ് സബ്സിഡിയായി മേൽ കാണിച്ച ബിൽ പ്രകാരം ₹ 68000 /- അനുവദിച്ചിട്ടുണ്ട്. ഇതിൽ പി.സീനത്ത് എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം കൃഷി ചെയ്തിട്ടുണ്ടെന്ന തെളിയിക്കുന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം, കൃഷി ചെയ്ത സ്ഥലത്തിന്റെ കരം ഒടുക്കിയതിന്റെ രസീത്, പാട്ടവ്യവസ്ഥയിൽ ആണെങ്കിൽ കരാർ പ്രകാരമുള്ള സമ്മതപത്രം, ഭൂവുടമയുടെ കരം ഒടുക്ക് രശീതി ഇവ ലഭ്യമായിട്ടില്ല.പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് ( 2/ 17-18 ) മറുപടി ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ പി.സീനത്തിന് കൂലി ചെലവ് സബ്സിഡിയായി അനുവദിച്ച ₹3400 തടസ്സപ്പെടുത്തുന്നു .

## 3-2 നെൽകൃഷി വികസനം- രേഖകളുടെ അഭാവത്തിൽ ₹68400/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ : 64/17 -18

പ്രൊജക്ടിന്റെ പേര് : നെൽകൃഷി വികസനം

അടങ്കൽ : ₹ 43800 വികസന ഫണ്ട്

: ₹ 30600 ജില്ലാ പഞ്ചായത്ത് വിഹിതം.

: ₹ 72000 മറ്റുള്ളവ

ആകെ : ₹ 146400

ചെലവ് തുക : ₹ 43800 വികസന ഫണ്ട്

ബിൽ നമ്പർ : 5/17-18/ 08-3-2018 ,₹37800

ബിൽ നമ്പർ : 6/17-18/ 08-3-2018 ,₹6000

: ₹ 30600 ജില്ലാ പഞ്ചായത്ത് വിഹിതം

ചെക്ക് നം .6886370 ,31/3/18.

ആകെ : ₹ 74400

നെൽകൃഷി ഗുണഭോക്താക്കൾക്ക് ഉല്പാദനക്ഷമത കൂടിയ നെൽവിത്ത് ലഭ്യമാക്കുന്നതിനും കൂലിച്ചെലവ് സബ്സിഡിയായി നൽകുന്നതിനും വേണ്ടിയാണ് ഈ പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിലേക്കായി കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി, തൃശ്ശൂരിൽ നിന്നും ഇൻവോയ്സ് നം. 291/17-18, 6/6/2017 പ്രകാരം ഉമ നെൽവിത്ത് (@40 *150 ) 6000 രൂപയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട് . 68400 /- രൂപയുടെ ബിൽ പ്രകാരം മാറിയ തുക കൂലിചെലവ് സബ്സിഡിയായും വളത്തിനും താഴെ കാണിച്ചിട്ടുള്ള പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| പേര്/ / ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാ നമ്പർ | വിസ്തീർണ്ണം | സർവ്വേ നം | കൃഷിഓഫീസറുടെ വാല്യുവേഷൻ | അനുവദിച്ച തുക. |
|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | പ്രകാരമുള്ള ചെലവ് | | | |
| | | | കൂലി ചെലവ് | ജൈവ വളം | കൂലി ചെലവ് | ജൈവ വളം |
| ശ്രീമതി.പി. വി,ലളിത-11 | 250സെന്റ് വിള 1<br>250 സെന്റ് വിള 2 | 9/1<br>22/7 | ₹ 102000 *2 | ₹20000 | ₹17000*2=34000 | ₹ 4000 |
| ശ്രീമതി.എൻ.പങ്കജം. 6 | 200 സെന്റ് വിള 1<br>200 സെന്റ് വിള 2 | 38/2 | ₹ 81600 * 2 | ₹ 16000 | ₹13600*2=27200 | ₹3200 |
| | | | ആകെ | | ₹61200 | 7200 |

ആകെ ₹68400

ഗുണഭോക്തൃ ലിസ്റ്റൽ ഉൾപ്പെട്ട 22 ഗുണഭോക്താക്കളിൽ മുൻഗണനാക്രമം പാലിക്കാതെ 2പേർക്ക് മാത്രം ആനുകൂല്യം അനുവദിച്ചതിന്റെ കാരണം വിശദമാക്കിയിട്ടില്ല .കൂടാതെ ഗുണഭോക്താക്കൾ സമർപ്പിച്ച

അപേക്ഷയിൽ അപേക്ഷകന്റെ ഒപ്പ്, കൈവശ ഭൂമിയുടെ വിസ്തീർണ്ണം, സർവ്വെ നമ്പർ, കൃഷി സ്വന്തം ഭൂമിയിലാണോ അല്ലെങ്കിൽ പാട്ടകൃഷി വ്യവസ്ഥയിലാണോ കൃഷി ചെയ്യുത് എന്നിവ രേഖപ്പെടുത്താതിനാൽ കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിനനുസൃതമായാണോ ആനുകൂല്യം നൽകിയതെന്നും പാട്ടകരാർ വ്യവസ്ഥയിലാണെങ്കിൽ ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചില്ല. പ്രസ്തുത കൃഷി സ്ഥലത്ത് മേൽ ഗുണഭോക്താക്കൾ കൃഷിചെയ്തിട്ടുണ്ടെന്നും വിള ഇൻഷുർ ചെയ്തിട്ടുണ്ടെന്നും സബ്സിഡി നൽകുന്നതിനു മുൻപ് കൃഷി ഓഫീസർ ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ കൃഷി ഓഫീസർ അപ്രകാരം സാക്ഷ്യപ്പെടുത്തിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം പ്രവർത്തനം നടത്തിയതിന്റെ വിവരം ലഭ്യമല്ല. മേൽ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 3/19/11/18 ) മറുപടി ലഭ്യമാക്കിയിട്ടില്ല .

മേൽ അപാകങ്ങൾ കാരണം 68400 / - രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ് .

## 3-3 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

1)പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ പഞ്ചായത്തിരാജ് / നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(എം.എസ്.)നം 80/17/തസ്വഭവ, തീ 03.04.17 ഖ. 8-1 പ്രകാരം കൃഷിയിലെ ഓരോ ഇനങ്ങൾക്കും സബ്സിഡി അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ജൈവവളം മറ്റ് പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന വളങ്ങൾ,ജൈവകീടനാശിനികൾ എന്നിവയുടെ ജില്ലാതലത്തിൽ കൃഷിവകുപ്പ് നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ നൽകേണ്ടത്.എന്നാൽ അത്തരം യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

2)നെൽ വിത്തുകൾ,പച്ചക്കറി വിത്തുകൾ ,നെൽകൃഷിക്ക് കൂലിച്ചെലവ് എന്നീ പദ്ധതികൾക്കായി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തിയ സാക്ഷ്യപത്രവും പരിശോധനാ റിപ്പോർട്ടും സബ്സിഡി നൽകുന്നതിന് മുൻപായി ഓരോ അപേക്ഷയുടെ കൂടെയും ഉണ്ടായിരിക്കണം. മേൽ പറഞ്ഞ ഇനങ്ങൾ പാട്ടകരാർ വ്യവസ്ഥയിൽ പാട്ടകൃഷി ചെയ്യുകയാണെങ്കിൽ സ്ഥല ഉടമ നൽകിയിട്ടുള്ള സമ്മതപത്രം അപേക്ഷയുടെകൂടെ ഉൾപ്പെടുത്തണം. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽകൃഷി വികസനം എന്ന പ്രൊജക്ടിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

3)സർക്കാർ ഉത്തരവ് (എം.എസ് )നം.72/2017/തസ്വഭവ തീ.29/03/17 ഖ-13.3 ൽ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് നം 70/17-18 (പച്ചക്കറി കൃഷി (വനിത),വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത് .

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 ടെണ്ടർ നേടിയിട്ടും പ്രവൃത്തി ഏറ്റെടുക്കാത്ത കരാർ സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

1 ) പ്രൊജക്ട് നം: 61/17-18 മാളികപ്പറമ്പ് - കണിശൻമുക്ക് റോഡ് പുനരുദ്ധാരണം -അടങ്കൽ-₹ 1,08,000 /-

2 ) പ്രൊജക്ട് നം: 122 /17-18 മുണ്ടോൾ ഗേറ്റ് - കുഞ്ഞിക്കാട്ടിൽ റോഡ് പുനരുദ്ധാരണം -അടങ്കൽ-₹ 3,60,000 /-

പ്രസ്തുത പ്രവൃത്തികൾ 02/11/17 ലെ ടെണ്ടറിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഡിസ്ട്രിക്ട് ബിൽഡിംഗ് മെറ്റീരിയൽസ് ഫർണിച്ചർ മാർക്കറ്റിംഗ് & മാന്യുഫാക്ചറിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, ചക്കരക്കൽ ഏറ്റെടുക്കുകയും 17/11/17 ന് സെലക്ഷൻ നോട്ടീസ്

കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നോട്ടീസ് പ്രകാരം 25/11/17 നകം കരാർ വെക്കാനും കരാർ വെച്ച് ഒരു ആഴ്ചക്കകം പ്രവൃത്തി സ്ഥലം ഏറ്റുവാങ്ങുവാനും ഇതിൽ വീഴ്ച വരുത്തിയാൽ ആയതിന്റെ നഷ്ടോത്തരവാദിത്തം കരാറുകാരനായിരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരുന്നു. എന്നാൽ കരാറുകാരൻ പ്രസ്തുത പ്രവൃത്തികൾക്ക് കരാർ വെക്കുകയോ പ്രവൃത്തി നിർവ്വഹണം നടത്തുകയോ ചെയ്യാത്തതിനെ തുടർന്ന് 2018-19 ൽ പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്ത് പുതിയ കരാറുകാരനെ ഏൽപ്പിക്കുകയാണുണ്ടായത്. സ്ഥാപനം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് വാങ്ങി നിയമാനുസൃത തുടർ നടപടികൾക്ക് ഭരണസമിതിയുടെ 22/01/18/ ലെ 10/18 (1) പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു. പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസിൽ പറഞ്ഞ കാലാവധിയും പിഴയോടെ കരാറിലേർപ്പെടാവുന്ന 10 ദിവസവും കഴിഞ്ഞ് കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കണമെന്നും നിരതദ്രവ്യം കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് നടപടികൾ സ്വീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ പ്രവൃത്തി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്നും ഇപ്രകാരം നഷ്ടോത്തരവാദിത്തം ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/26-11-18) പ്രസ്തുത കരാർ സ്ഥാപനം ഇ.എം.ഡി ഇനത്തിൽ ഒടുക്കിയ തുകകൾ കണ്ടുകെട്ടുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖമൂലം ആവശ്യപ്പെട്ടിരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്. ടെണ്ടർ വ്യവസ്ഥ പാലിക്കാതിരുന്ന കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു .

## 3-5 ശ്മശാനം കെട്ടിട നിർമ്മാണം - പ്രവൃത്തി സ്ഥലം കൈമാറിയതിലെ കാലതാമസവും മറ്റു അപാകങ്ങളും

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നമ്പർ – 117/18, പൊതുശ്മശാനം (ഗ്യാസ്) കെട്ടിട നിർമ്മാണം

അടങ്കൽ - ₹ 2 ,70,881, (വികസന ഫണ്ട് )

-₹ 22,12,400 (ബ്ലോക്ക് പഞ്ചായത്ത് )

-₹ 10,00,000 ( ജില്ലാ പഞ്ചായത്ത് )

ആകെ അടങ്കൽ - ₹ 34,83,281/- (തൻവർഷം ചെലവില്ല)

28/10/17 ലെ ഇ-ടെണ്ടറിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ നോട്ടീസ് നൽകി 18/11/17 ന് കരാറിലേർപ്പെട്ട ( എ.ഇ. / കെ.പി. /12/ 17-18 ) പ്രസ്തുത പ്രവൃത്തിയുടെ കരാർ വ്യവസ്ഥ (5) പ്രകാരം ഉടമ്പടി വെച്ച് 10 ദിവസത്തിനകം കരാറുകാരൻ സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കുമെന്നാണ്. എന്നാൽ 113 ദിവസങ്ങൾക്ക് ശേഷം 12/03/18 ന് മാത്രമാണ് പ്രവൃത്തിക്കായി സ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളത് . ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24 / 26.11.18 ) ശ്മശാനം കെട്ടിടനിർമ്മാണം നടത്തുന്ന സ്ഥലത്ത് ഒരു പഴയ കെട്ടിടം നിലവിലുണ്ടായിരുന്നുവെന്നും ആയത് അവിടെ നിലനിർത്തണമെന്ന് ആദ്യഘട്ടത്തിലും പിന്നീട് വ്യത്യസ്ഥ കാരണങ്ങളാൽ അത് പൊളിച്ചുമാറ്റണമെന്ന് തീരുമാനിച്ചതിനാലുമാണ് സ്ഥലം കൈമാറുന്നതിന് താമസമുണ്ടായത് എന്നാണ് അസിസ്റ്റന്റ്

എഞ്ചനീയർ മറുപടി ലഭ്യമാക്കിയത്. ആവശ്യമായ സ്ഥല പരിശോധന നടത്തി ഇത്തരം കാര്യങ്ങൾ വ്യക്തമായി വിശകലനം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിൽ സ്ഥലം കൈമാറുന്നതിലെ ദീർഘമായ ഈ കാലതാമസം ഒഴിവാക്കാമായിരുന്നു . പ്രവർത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റു അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1)സെലക്ഷൻ നോട്ടീസിൽ നോട്ടിസ് തീയതിയും കരാറുകാരൻ കൈപ്പറ്റിയ തീയതിയും ചേർത്തിട്ടില്ല . ഇക്കാര്യത്തിൽ അശ്രദ്ധ സംഭവിച്ചതാണെന്ന് അസിസ്റ്റന്റ് എഞ്ചനീയർ വിശദീകരിച്ചിട്ടുണ്ട്.

2)പ്രൊജക്ട് പ്രകാരം പദ്ധതിയുടെ ഭരണാനുമതി തുക / അടങ്കൽ ₹34,83,281 ആണ്. എന്നാൽ കരാറിൽ ₹ 39,32,000ആണ് എസ്റ്റിമേറ്റ് തുകയായി ചേർത്തിട്ടുള്ളത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/26.11.18 ) പിശക് പറ്റിയതാണെന്നും 34,83,281 /- തന്നെയാണ് കരാർ തുകയെന്നും വ്യക്തമാക്കിയിട്ടുണ്ട് . കരാറുകാരനുമായി ബന്ധപ്പെട്ട് കരാറിൽ ആവശ്യമായ തിരുത്ത് വരുത്തേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 സ്വയം തൊഴിലിന് സബ്സിഡി - സംരംഭം ആരംഭിക്കാത്തതും വായ്പ അനുവദിക്കും മുന്നെ സബ്സിഡി ലഭ്യമാക്കിയതും - 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കടമ്പൂർ)

പ്രോജക്ട് നമ്പർ : 128 /18

പ്രോജക്ടിന്റെ പേര് : സ്വയം തൊഴിലിന് സബ്സിഡി (വനിത)

വകയിരുത്തിയ തുക : ₹4,50,000 വികസന ഫണ്ട്

: ₹9,00,000 മറ്റുള്ളവ

ആകെ : ₹13,50,000

ചെലവു തുക : ₹ 2,40,000 (ബിൽ നമ്പർ 23/17-18/31.3.18)

₹30,000 (ബിൽ നമ്പർ 24 /17-18/31.03.18)

ആകെ : ₹2,70,000

ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസക്കാരായ 9 വനിതകൾക്ക് വ്യക്തിഗത സംരംഭങ്ങൾ തുടങ്ങുന്നതിനു ധനസഹായം നൽകലാണ് ഈ പ്രൊജക്ട് വിഭാവനം ചെയ്തത്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അതിനായി 9 വനിതകൾക്ക് വിവിധങ്ങളായ വ്യക്തിഗത സംരംഭങ്ങൾ തുടങ്ങുന്നതിനായി ₹ 30,000 /-രൂപ വീതം ₹ 2,70,000 ബാക്ക് എൻഡഡ് സബ്സിഡി ആയി താഴെ പറയുന്ന ബാങ്കുകൾക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അനുവദിച്ചിട്ടുണ്ട്.

| ക്രമ.നം | ഗുണഭോക്താവിന്റെ | സംരംഭം | സംരംഭം | വായ്പ തുക / | സബ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | പേര്/മേൽ വിലാസം | | പ്രവർത്തിഅക്കുന്ന കെട്ടിടം/നം | ധകാര്യ സ്ഥാപനം | സിഡി തുക / സ്ഥാപനം |
| 1 | ശ്രീമതി. ഷിബി.പി.കെ.<br>ഗ്രേസ് വില്ല. കാടാച്ചിറ<br>വാർഡ്.13 | ബ്യൂട്ടി പാർലർ<br>ചാല | സ്വന്തം | ₹60000<br>കാടാചിറ സർവ്വീസ് കോ.ഓപ്പ് ബാങ്ക് | ₹30000 |
| 2 | ശ്രീമതി.സജിത.എം<br>തളാപ്പൻ വീട്,മയൂരം<br>കാടാചിറ. വാർഡ്.11 | വാടക സാധങ്ങൾ, കടമ്പൂർ | വാടക | ₹ 60000<br>കടമ്പൂർ അഗ്രികൾചറിസ്റ്റ് കോ.ഓപ്പ് സൊസൈറ്റി | ₹ 30000 |
| 3 | ശ്രീമതി.ബിഫാത്തിമ<br>താജ്ജുസ് ,ആഡൂർ,കാടാചിറ.<br>വാർഡ് 12 | ലേഡീസ് ടെയിലറിംഗ്, ചെമ്പിലോട് | വാടക /നം.579 | ₹ 60000<br>കാടാചിറ സർവ്വീസ് കോ.ഓപ്പ് ബാങ്ക് | ₹ 30000 |
| 4 | ശ്രീമതി.സപ്ന കെ.വി.<br>ചന്ദ്രംബേത്ത് വീട്,<br>എടക്കാട്.<br>വാർഡ്.9 | വാടക സാധങ്ങൾ, കടമ്പൂർ | വാടക | ₹60000 കടമ്പൂർ അഗ്രികൾചറിസ്റ്റ് കോ.ഓപ്പ് സൊസൈറ്റി | ₹30000 |
| 5 | ശ്രീമതി.ഭാരതി.എം.കെ<br>ജിഷ നിവാസ്,കോട്ടൂർ,<br>കാടാചിറ.<br>വാർഡ് 4 | കൊപ്ര ഡ്രൈയർ, കടമ്പൂർ | സ്വന്തം | ₹65000<br>കാടാചിറ സർവ്വീസ് കോ.ഓപ്പ് ബാങ്ക് | ₹30000 |

| | | | | | |
|---|---|---|---|---|---|
| 6 | ശ്രീമതി.സൌദ.എ.പി.<br>റഫീക്ക് മൻസിൽ<br>എടക്കാട്.<br>വാർഡ് -9 | ടെയിലറിംഗ്<br>&ഗാർമെന്റ്സ്<br>കടമ്പൂർ | വാടക / നം.52 | ₹ 60000<br>കാടാചിറ സർവ്വീസ് കോ.ഓപ്പ് ബാങ്ക് | ₹30000 |
| 7 | ശ്രീമതി.ഇന്ദിര.പി.<br>അശ്വതി നിവാസ്,<br>കടമ്പൂർ.<br>വാർഡ് 11 | ഹെൽപ്പ് ഡെസ്ക്<br>കടമ്പൂർ | മറ്റുള്ളവ | ₹60000<br>കടമ്പൂർ അഗ്രികൾചറിസ്റ്റ് കോ.ഓപ്പ് സൊസൈറ്റി | ₹ 30000 |
| 8 | ശ്രീമതി.നീത്തു.സി<br>പുറ്റവക്കണ്ടി ഹൌസ്,<br>കാടാച്ചിറ.<br>വാർഡ് 11 | ഫോട്ടോസ്റ്റാറ്റ് യൂനിറ്റ്,<br>കടമ്പൂർ | മറ്റുള്ളവ | ₹ 60000<br>കടമ്പൂർ അഗ്രികൾചറിസ്റ്റ് കോ.ഓപ്പ് സൊസൈറ്റി | ₹ 30000 |
| 9 | ശ്രീമതി.ശ്രീജ. സി.കെ.<br>നന്ദനം , കടമ്പൂർ.<br>വാർഡ് 7 | ചായക്കട,<br>കടമ്പൂർ | വാടക | ₹ 60000<br>കടമ്പൂർ അഗ്രികൾചറിസ്റ്റ് കോ.ഓപ്പ് സൊസൈറ്റി | ₹ 30000 |

ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1 )ബാങ്ക് വായ്പ അനുവദിക്കും മുന്നേ സബ്സിഡി : -

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം സാമ്പത്തിക ഇടപാടുകൾ ബാങ്ക് അക്കൌണ്ട് മുഖേനയായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വായ്പതുക, സബ്സിഡി തുക എന്നിവ ബന്ധപ്പെട്ട ഗ്രൂപ്പുകൾക്ക് ലഭിച്ചത് സംബന്ധിച്ച് ബാങ്കുകളുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ ക്രമ നം.6 ശ്രീമതി സൌദ.എ.പി 21/04/18 നം ക്രമ നം.7 ശ്രീമതി.ഇന്ദിര .പി. 05/07/18 നം , ക്രമ നം.8 ശ്രീമതി.നീതു.സി. 12/09/18 നം മാത്രമാണ് വായ്പ എടുത്തിട്ടുള്ളത്. സംരംഭകർ വായ്പ ലഭ്യമാക്കുന്നതിനു മാസങ്ങൾക്ക് മുമ്പേ മേൽ കാണിച്ച ബില്ലുകൾ പ്രകാരം തുക പിൻവലിച്ച്

മുൻകൂറായി ബാങ്കിന് നൽകിയത് മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിരുദ്ധവും പദ്ധതിപ്പണ വിനിയോഗത്തിന്റെ ശരിയല്ലാത്ത നടപടിക്രമവുമാണ്. ഇതു വഴി ടി തുക ബാങ്ക് അക്കൗണ്ടിൽ മാസങ്ങളോളം നിഷ്ക്രിയമായികിടക്കുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത് .

2 )സബ്സിഡി നൽകി 8 മാസങ്ങളായിട്ടും സംരംഭം ആരംഭിച്ചിട്ടില്ല - ₹ 30,000/- തടസ്സപ്പെടുത്തുന്നു.

വാടക സാധനങ്ങൾ എന്ന സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് 31/03/18 ന് ബാങ്ക് മുഖേന സബ്സിഡി ലഭ്യമാക്കിയ ശ്രീമതി.സപ്ന.കെ.വി (പട്ടിക ക്രമ നമ്പർ 4) ഓഡിറ്റ് അവസാനിച്ച തീയതിയായ 28/11/2018 വരെയും സംരംഭം തുടങ്ങിയിട്ടില്ല .

ഗുണഭോക്താക്കൾ സംരംഭം ആരംഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് അന്വേഷണം 15/24/11/18 മുഖേന ലഭ്യമാക്കാനാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംരംഭം തുടങ്ങുവാനാവശ്യമായ 60290/- രൂപയുടെ സാധനങ്ങൾ വാങ്ങിക്കുന്നതിന് 28/11/18ന് കണ്ണൂർ അഹമ്മദ് സൺസിൽ തുക അടച്ചതിന്റെ ഒരു ഇൻവോയ്സ് പ്രസ്തുത ഗുണഭോക്താവ് ഓഡിറ്റിൽ ഹാജരാക്കി കൊണ്ട് വ്യക്തിപരമായ കാരണങ്ങളാൽ സ്വയംതൊഴിൽ സംരംഭം ഇതുവരെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ലെന്നും 2018 ഡിസംബർ 15 നകം ആരംഭിക്കുമെന്നും അതിന് സാധിക്കാത്ത പക്ഷം സബ്സിഡി തുക മുഴുവൻ പലിശസഹിതം തിരിച്ചടക്കാമെന്നും വി.ഇ.ഒ ക്ക് രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ട് . സംരംഭം അടിയന്തിരമായി ആരംഭിക്കാത്ത പക്ഷം ₹ 30000 പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു ചെലവു തുക 30000/-രൂപ തടസ്സപ്പെടുത്തുന്നു . പദ്ധതിപ്പണം ഉപയോഗിച്ച് സംരംഭം തുടങ്ങിയിട്ടുണ്ടോ എന്ന് മോണിറ്ററിംഗ് ചെയ്യാൻ ചുമതലപ്പെട്ട പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പിന്റെ വീഴ്ച ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചതായും ആരംഭിക്കാത്ത സംരംഭം പോലും നല്ല രീതിയിൽ പ്രവർത്തിക്കുന്നതായുമുള്ള പ്രസ്തുത മോണിറ്ററിംഗ് ഗ്രൂപ്പിന്റെ സാക്ഷ്യം ലക്ഷ്യം കൈവരിക്കാതിക്കാനും പദ്ധതിപ്പണം നഷ്ടമാകുവാനുമേ ഉപകരിക്കൂ.

3 )സ്വയം തൊഴിൽ- ലക്ഷ്യം പ്രാവർത്തികമാകുന്നില്ല.

പട്ടികയിലെ ക്രമ നം.7ശ്രീമതി .ഇന്ദിര.പിയുടെ സംരംഭമായ ഹെൽപ്പ് ഡെസ്ക് ,ക്രമ നം.8 ശ്രീമതി .നീതു.സി.യുടെ സംരംഭമായ ഫോട്ടോസ്റ്റേറ്റ് യൂണിറ്റ് എന്നിവ ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ ഓഫീസിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇപ്രകാരം പ്രർത്തിക്കുന്നതിനു പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം ഉണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല. സ്വയം തൊഴിൽ സംരംഭത്തിലൂടെ വനിതകളുടെ ഉന്നമനം ലക്ഷ്യംവച്ച് നടപ്പിലാക്കിയ ഈ പ്രൊജക്റ്റിൽ സംരംഭകർ നേരിട്ട് ഈ തൊഴിൽ ഏറ്റെടുത്തു പ്രവർത്തിക്കുന്നതായി കാണുന്നില്ല. ഇത് പ്രൊജക്റ്റിന്റെ ലക്ഷ്യത്തിന് വിരുദ്ധമാണ്.

## 3-7 പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ വർദ്ധിച്ച ടെലഫോൺ ബിൽ അന്വേഷണ വിധേയമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ഘടക സ്ഥാപനമായ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ 2018 ജനവരിയിലെ ടെലഫോൺ ബിൽ (ഫോൺ നമ്പർ -2824550), ₹5716 രൂപയാണ് . ( വൗച്ചർ നം.21701257 / 31/03/2018 ) ഫിബ്രവരിയിലെ ടെലഫോൺ ബിൽ 15722 രൂപ (വൗച്ചർ

നം.21701258 / 31/03/2018) യുമാണ്. മറ്റു മാസങ്ങളിൽ മിക്കതിലും കേവലം 500 /- രൂപയ്ക്ക് താഴെ മാത്രം ബിൽ വന്നിരുന്ന പ്രസ്തുത സ്ഥാപനത്തിൽ മേൽ പരാമർശിച്ച മാസങ്ങളിൽ ഇത്രയും ഭീമമായ സംഖ്യ ടെലഫോൺ ഉപയോഗത്തിന് ചെലവായത് സംബന്ധിച്ച് വിശദികരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (25/27/11/18 )ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം അന്വേഷണ വിധേയമാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 മാലിന്യ നിർമ്മാർജനം -ചെലവു രേഖകൾ ലഭ്യമാക്കിയില്ല - ₹ 80,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി,

പ്രൊജക്ട് നമ്പർ : 15 /18

പ്രൊജക്ടിന്റെ പേര് : മാലിന്യ നിർമ്മാർജനം

അടങ്കൽ : ₹ 65000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് .

: ₹ 130000 ശുചിത്വ മിഷൻ

: ₹ 130000 കേന്ദ്രാവിഷ്കൃത ഫണ്ട്

ആകെ : ₹ 325000

ചെലവ് തുക : ₹ 65000 (ബിൽ. നം. 26/ 17-18/ ,22/02/18 )

: ₹ 73255 (വൌച്ചർ നം.-21700224/ , 19/06/17 )

: ₹ 56745 ( വൌച്ചർ നം.-21700225/ , 19/06/17 )

ആകെ ചെലവ് തുക : ₹ 195000

ധനകാര്യകമ്മിഷൻ ഗ്രാന്റിനത്തിലുള്ള 65000 രൂപ 13 വാർഡുകളിലേക്കായി ചെലവ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. 19/06/17 ലെ വൌച്ചറുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 130000 രൂപ 13 വാർഡുകൾക്ക് മഴക്കാലപൂർവ്വ കാംപയിനിന് അനുവദിച്ചതാണ് (10000*13) അതത് വാർഡ്തല ശുചിത്വപോഷണ സമിതിയുടെ കൺവീനർമാറുടെ അക്കൌണ്ടിലേക്ക് തുക നൽകിയിട്ടുണ്ടെങ്കിലും വാർഡ്തല പ്രവർത്തന രേഖ ,ചെലവുവിവരം ഇവ ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് എൻക്വയറി (20/26.11.18)നൽകിയതിന്റെ അടിസ്ഥാനത്തിൽ 4,6,7,8,9 വാർഡുകളുടെ കൺവീനർമാരുടെ ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ ബാങ്ക് അക്കൗണ്ട് വിവരം വ്യക്തമാക്കുന്ന രേഖ ലഭ്യമാക്കിയിട്ടില്ല. മഴക്കാലപൂർവ്വ ശുചീകരണത്തിനുപയോഗിക്കേണ്ട പ്രസ്തുത തുക ഉപയോഗിച്ചുള്ള പ്രവൃത്തികൾ 4,6 വാർഡുകൾ ഓഗസ്റ്റ് മാസത്തിലും 7-ാം വാർഡ് ഒക്ടോബറിലുമാണ് നടത്തിയിട്ടുള്ളത്.മഴക്കാലത്തിനുശേഷം മഴക്കാലപൂർവ്വശുചീകരണ ഫണ്ട് ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല.ചെലവുരേഖകൾ ഹാജരാക്കാതിരുന്ന 1, 2, 3, 5, 10, 11, 12, 13 വാർഡുകളുടെ ശുചിത്വപോഷണസമിതി കൺവീനർമാർക്കനുവദിച്ച ₹80,000/- തടസ്സപ്പെടുത്തുന്നു; മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ചെലവുരേഖകൾ സമിതിയുടെ ബാങ്ക്

അക്കൗണ്ട് രേഖകൾ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ യഥാസമയം തന്നെ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

## 3-9 സാമൂഹ്യ സുരക്ഷാ പെൻഷൻ -അപാകങ്ങൾ

1) പുനർവിവാഹിതക്ക് വിധവാ പെൻഷൻ അനുവദിച്ചത്- ₹ 5510 തിരികെ ഈടാക്കേണ്ടതാണ്

പെൻഷൻ ഐ.ഡി .നമ്പർ 11390600369 ശ്രീമതി.എൻ. സമീറ എന്നവർ 28/10/17 ന് പുനർവിവാഹിതയായ ശേഷവും 11/17 മുതൽ 3/18 വരെ വിധവ പെൻഷൻ കൈപ്പറ്റിയതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു . ഇപ്രകാരം ഇവർ കൈപ്പറ്റിയ ₹5500രൂപ തിരിച്ചൊടുക്കേണ്ടതാണ് .

2)അവിവാഹിത പെൻഷൻ:-₹ 20,400 ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

അവിവാഹിത പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന ശ്രീമതി.ഇ.ജയശ്രീ(ഐ.ഡി-111390500096) എന്നവർക്ക് 1/09/15 മുതൽ ആശ്രിത പെൻഷൻ ലഭിക്കുന്നതായി ബോധ്യപ്പെട്ടതിനെ തുടർന്ന് അവരുടെ പെൻഷൻ നിർത്തലാക്കുകയും 2015 സെപ്റ്റംബർ മുതൽ 2018 മാർച്ച് വരെ അവർ കൈപ്പറ്റിയ ₹30400 രൂപ തിരിച്ചടക്കുവാൻ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടതിൽ ₹10000 രൂപ 19/07/18 ന് തിരികെ ഒടുക്കുകയും പ്രസ്തുത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 20,400 രൂപ ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

3) പെൻഷൻ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

2017-18 വർഷം സാമൂഹ്യ സുരക്ഷാ പെൻഷന് അർഹത നേടി പെൻഷൻ കൈപ്പറ്റി വരുന്ന അപേക്ഷകരെ പെൻഷൻ ഗുണഭോക്താക്കളായി ഗ്രാമസഭ അംഗീകരിച്ചുതായി ഗ്രാമസഭാ മിനുട്ട്സുകൾ പരിശോധിച്ചതിൽ കാണുന്നില്ല .

## 3-10 പത്രപരസ്യം - സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 2 /18

പ്രൊജക്ടിന്റെ പേര് : പദ്ധതി നിർവ്വഹണം

അടങ്കൽ : ₹ 15000 വികസന ഫണ്ട്

₹ 150000 തനത് ഫണ്ട്

ആകെ : ₹ 165000

2017-18 രൂപ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ടെണ്ടർ / റീ ടെണ്ടർ പരസ്യ ഇനത്തിൽ താഴെ പറയും പ്രകാരം 75,735/- രൂപ ദേശാഭിമാനി ദിനപത്രത്തിന് നൽകിയിട്ടുണ്ട്.

| ക്രമ. നം | പരസ്യതീയതി | അളവ് | നിരക്ക് | തുക | ഇൻവോയ്സ് നം/തിയതി | ബിൽ / വൌച്ചർ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 14/10/17 | 10*8 സെ.മി | 180 | 15000 | KNR/18219 /14/10/17 , | 37/ 27/03/18 |
| 2 | 18/08/17 | 8*8 | 180 | 12096 | KNR/8248/18/ 08/17 , | 21701631 , 27 /10/17 |
| 3 | 08/11/17 | 10*8 | 180 | 15120 | KNR/22878 /8/11/17 | 217012 202/28/3/18 |
| 4 | 05/01/18 | 6*8 | 180 | 9072 | KNR/30689/ 05/01/18 | 217012 202/28/3/18 |
| 5 | 29/01/18 | 5*8 | 180 | 7560 | KNR/34364 /29/01/18 | 217012 202/28/3/18 |
| 6 | 10/02/18 | 6*8 | 215 | 9211 | KNR/2018 /02/36914 | 217012 202/28/3/18 |
| 7 | 28/02/18 | 5*8 | 215 | 7676 | KNR/2018 /02/39498 | 217012202/28 /03/18 |
| | | | ആകെ | ₹ 75,735 | | |

പ്രസ്തുത ചെലവ് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ദർഘാസ് പരസ്യങ്ങൾ 3*2 സെ.മീ അളവിൽ വിൻഡോ രൂപത്തിലാക്കണമെന്ന ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ 7441/ ഡി1/04 തീ-21/06/04 ലെ സർക്കുലർ നിർദ്ദേശം പാലിച്ചിട്ടില്ല.

2 . തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08/12/2009 ലെ 15744/ആർ.ഡി1/തസ്വഭവ സർക്കുലർ പ്രകാരം പത്രങ്ങൾക്ക് പരസ്യ ചാർജ് നൽകേണ്ടത് പബ്ലിക്ക് റിലേഷൻസ് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരമാകണമെന്നും പരസ്യം നൽകുന്നതിനുള്ള പത്രസ്ഥാപനങ്ങളെ പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ ലിസ്റ്റിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കണമെന്നുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

3 . പി& എ ആർ ഡി യുടെ 04/01/11 ലെ 1/2011 സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്കിൽ 15% ഡിസ്കൌണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ക്രമ നം 1 മുതൽ 5 വരെ പരസ്യങ്ങൾക്ക് ഇപ്രകാരം ഡിസ്കൌണ്ട് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടത് പ്രകാരം ഫിബ്രവരി 2018 മുതൽ ഡിസ്കൌണ്ട് നൽകിയിട്ടുണ്ടെങ്കിലും നിരക്കിൽ വർദ്ധനവ് വരുത്തിയാണ് ഡിസ്കൌണ്ട് അനുവദിച്ചത് . അതുവരെ 180 / - രൂപയായിരുന്ന പരസ്യനിരക്ക് 215 /- രൂപയാക്കി വർദ്ധിപ്പിച്ച ശേഷമാണ് ഡിസ്കൗണ്ട് ലഭ്യമായത്. സർക്കാർ സ്ഥാപനങ്ങളുടെ പത്ര പരസ്യങ്ങൾക്കായി സർക്കാർ കാലാകാലങ്ങളിൽ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 20/11/15 ലെ സ.ഉ(ആർ.ടി) 551/15/ ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഉത്തരവ് പ്രകാരം

നിശ്ചയിക്കപ്പെട്ട നിരക്കാണ് നിലവിലുള്ളത്. അതിൽ നിന്നും അധികമായ നിരക്കിലാണ് പരസ്യത്തിന് തുക അനുവദിച്ചുവരുന്നത്. സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് നിശ്ചയിക്കപ്പെട്ട നിരക്കിൽ പരസ്യം നൽകുന്നതിന് ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (19/26.11.18)ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 3-11 ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടത്തേണ്ടതാണ്.

നിർവ്വഹണം -ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

വൗച്ചർ നം. :21700052 തീ.20.04.17 ₹ 25,104

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള KL.13.AG.3841 നമ്പർ വാഹനത്തിന്റെ ഇൻഷ്വറൻസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കാതെ നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്,കണ്ണൂർ എന്ന സ്ഥാപനം മുഖേനയാണ് നടത്തിയിട്ടുള്ളത്. സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് കേരള സർക്കാരിന്റെ 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടത്തേണ്ടതാണ്.

## 3-12 കലാ കായിക വികസനം -മാർഗ്ഗരേഖാ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി,

പ്രൊജക്ട് നമ്പർ : 35 /18

പ്രൊജക്ടിന്റെ പേര് : കലാ കായിക വികസനം

അടങ്കൽ : ₹ 30000 തനത് ഫണ്ട്

ചെലവ് തുക : ₹
21000
(ചെക്ക്നം.21701282-83,84,85,86,87,88
തീ.31.3.18)

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ കായിക വികസനം ലക്ഷ്യമാക്കി ക്കൊണ്ടുള്ള പ്രോത്സാഹനവും അതിന്റെ ഭാഗമായി പ്രധാന ഗെയിം ഇനങ്ങളിൽ പഞ്ചായത്തുതല ടീം രൂപീകരിച്ച് അവയെ പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന തലത്തിലേക്ക് ഉയർത്തിക്കൊണ്ടുവരലുമാണ് ഉദ്ദേശിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ 7 യുവജന ക്ലബുകൾക്ക് ₹3000 വീതം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട് . എന്നാൽ പദ്ധതിമാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തപ്രകാരം പഞ്ചായത്തുതല ടീം രൂപീകരിക്കുകയോ ആയതിനുള്ള ഏകോപനസംവിധാനം രൂപീകരിക്കുകയോ ചെയ്തിട്ടില്ല.

വിവിധ ക്ലബ്ബുകൾക്ക് സഹായധനം വിതരണം ചെയ്യലിൽ മാത്രം പ്രസ്തുത പ്രൊജക്ട് ഒതുങ്ങിപ്പോവുകയാണുണ്ടായത്. പഞ്ചായത്തുതല ടീം രൂപീകരിച്ച് വ്യവസ്ഥ ചെയ്ത പ്രകാരം കായികവികസനത്തിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-13 വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷത്തെ വിവിധ പ്രവൃത്തികൾക്കായി വ്യത്യസ്തപ്രൊജക്റ്റുകൾ പ്രകാരം ₹1691000 കേരള വാട്ടർ അതോറിറ്റി, കണ്ണൂർ ഡിവിഷനും 16331 രൂപ കെ.എസ്.ഇ.ബി കാടാച്ചിറ സെക്ഷനിലും ഒടുക്കിയിട്ടുണ്ട്.

| ക്രമനം | പ്രൊജക്ട്.നമ്പറും പേരും | അടങ്കൽ | ചെലവ് തുക(₹) | ബിൽ നം |
|---|---|---|---|---|
| 1 | 25/17-18<br>കാടാചിറ-(71)<br>പനോന്നേരി-(69)<br>കടമ്പൂർ-(64)<br>എന്നീ അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | സംരക്ഷണ ഗ്രാന്റ് (റോഡിതരം)<br>183000 / | 183000 | 6/ 16/08/17 |
| 2 | 26/17-18 എടക്കാട് മത്സ്യമാർക്കറ്റിൽ<br>വാട്ടർ കണക്ഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -8000/- | 8000 | 7/16.08/17 |
| 3 | 149/17-18 വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ വലിക്കൽ | തനത് ഫണ്ട് -10000<br>ജില്ലാ പഞ്ചായത്ത് വിഹിതം-1500000<br>ആകെ -1510000 | 1500000 | 21701191/28 /03/18<br>21701197/28 /03/18<br>21701198 /28/03/18 |
| 4 | 148/17-18 പട്ടികജാതി വർക്ക് ഷെഡിന് വൈദ്യുതി കണക്ഷൻ | വികസന ഫണ്ട്<br>(എസ്.സി.പി.)<br>വികസനഫണ്ട്-50,000/- | 16331/-<br>(എസ്.സി.പി.) | 10/28-03-18 |

| | | | | |
|---|---|---|---|---|
| | ആകെ | | 1707331/- | |

മേൽ പ്രവർത്തികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായും കെ.എസ്.ഇ.ബിയുമായും ഏർപ്പെട്ട കരാറുകളിലൊന്നും പൂർത്തീകരണകാലാവധി വ്യവസ്ഥ ചെയ്തിട്ടില്ല. ഇത് ശരിയായ നടപടിക്രമമല്ല. മേൽ പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 16/26.11.18 മുഖേന അന്വേഷിച്ചതിൽ പ്രസ്തുത പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചതായി സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-14 തെരുവ് വിളക്ക് വാർഷിക പരിപാലനം - അപാകങ്ങൾ

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നം -18/17-18

പ്രൊജക്ട് പേര് - തെരുവ് വിളക്ക് വാർഷിക പരിപാലനം

മേൽ പ്രൊജക്ട് പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക പരിപാലനത്തിനായി 4 ലക്ഷം രൂപ അടങ്കൽ (തനത് ഫണ്ട്) വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്ട് വകയിരുത്തുകയും തനത് ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവ്വഹണം പരിശോധനാ വിധേയമാക്കിയതിൽ കാണാൻ സാധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീ. ശ്രീലേഷ്, എലൈറ്റ് ഇലക്ട്രിക്കൽസ് എന്നവരെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. ഇദ്ദേഹവുമായി ഗ്രാമ പഞ്ചായത്ത് ഉണ്ടാക്കിയ കരാറിൽ ഗ്രാമ പഞ്ചായത്തിന്റെ പേര്, കരാർ തീയതി, വിളക്കുകളുടെ എണ്ണം, നിരക്ക്, കരാർ കാലാവധി, സെക്രട്ടറിയുടെ ഒപ്പ് എന്നിവ ഇല്ല.

2) ഗ്രാമ പഞ്ചായത്ത് ഏത് തരം വിളക്കുകൾ എത്ര എണ്ണം വീതമുണ്ടെന്ന് സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വിളക്കിന്റെ തരവും എണ്ണവും നിരക്കും പ്രതിപാദിച്ച് കരാറിലേർപ്പെടാതെ, എത്ര വിളക്കുകളുണ്ടെന്ന് വ്യക്തതയില്ലാതെ മതിപ്പ് കണക്കിൽ 4 ലക്ഷം രൂപയുടെ കരാറിലേർപ്പെടുകയാണ് ചെയ്തത്.

3) തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നെങ്കിലും ആയതിൽപരാതി പരിഹരിച്ചതായി കരാറുകാരൻ രേഖപ്പെടുത്തുകയോ, പരിഹരിച്ചത് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

തെരുവ് വിളക്കുകളുടെ പരിപാലനത്തിനും അതുമായി ബന്ധപ്പെട്ട ചെലവുകളുടെ നിർവ്വഹണത്തിനും കൂടുതൽ സൂക്ഷമത പുലർത്തേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 3-15 തെരുവു വിളക്ക് വൈദ്യുതി ചാർജ് -അപാകങ്ങൾ

തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഇനത്തിൽ 2017 ഏപ്രിൽ,മെയ് മാസങ്ങളിൽ പ്രതിമാസം ₹31677/-നിരക്കിലും ജൂൺ മുതൽ 2018 മാർച്ച് വരെ ₹41070/- നിരക്കിലുമാണ് കെ.എസ്.ഇ.ബി.ലേക്ക് തുക ഒടുക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബി,കാടാച്ചിറ സെക്ഷന്റെ 13-10-17 ലെ KSEB/17-18/KDA/13 നം കത്തു പ്രകാരം ജോയ്ന്റ് ഇൻസ്പെക്ഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം തെരുവ് വിളക്കുകൾ ഉണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

| ഇനം | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് | ആകെ |
|---|---|---|---|
| സി.എഫ്.എൽ | 389 | 101 | 490 |
| ട്യൂബ് | 204 | 46 | 250 |
| | 593 | 147 | 740 |

തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജുമായി ബന്ധപ്പെട്ട് 26/27.11.18 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കെ.എസ്.ഇ.ബി യുടെ 28.11.18 ലെ റിപ്പോർട്ടിൽ 816 വിളക്കുകൾക്കാണ് നിലവിൽ 41070/- രൂപ പ്രകാരം പ്രതിമാസം ഈടാക്കിവരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

തെരുവ് വിളക്ക് രജിസ്റ്ററിൽ 11.08.14 മുതൽ 807 വിളക്കുകൾ ഉണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.നിലവിലുള്ള വിളക്കിന്റെ കൃത്യതയും ആയവയ്ക്ക് മാത്രമേ ചാർജ് ഒടുക്കുന്നുള്ളൂ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

തെരുവ് വിളക്കിന് മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 34000 | പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡ് നൽകൽ (പ്രോജക്ട് നം. 142/18) | 34000 | 0 |
| | | 150000 | കറവപശുക്കൾക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം. 72/18) | 148717 | 1283 |
| | | 100000 | പാലിയേറ്റീവ് & ഫിസിയോതെറാപ്പികെയർ (പ്രോജക്ട് നം. 54/18) | 100000 | 0 |
| | | 187500 | ശാരീരിക മാനസീക വെല്ലുവിളി | 187500 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് (പ്രോജക്ട് നം. 24/18) | | |
| | | 2212400 | പൊതുശ്മശാനം (ഗ്യാസ് ) കെട്ടിട നിർമ്മാണം (പ്രോജക്ട് നം. 117/18) | 0 | 2212400 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 30600 | നെൽകൃഷി വികസന പദ്ധതി (പ്രോജക്ട് നം. 64/18) | 30600 | 0 |
| | | 110000 | കറവപശുക്കൾക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം. 72/18) | 33422 | 76578 |
| | | 122000 | ലൈഫ്-പൂർത്തീകരിക്കാത്ത വീടുകൾക്ക് ധന സഹായം (പ്രോജക്ട് നം. 143/18) | 122000 | 0 |
| | | 150000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് (പ്രോജക്ട് നം. 24/18) | 150000 | 0 |
| | | 1500000 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ ഡബ്ല്യു എ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 149/18) | 1500000 | 0 |
| | | 1000000 | പൊതുശ്മശാനം (ഗ്യാസ് ) കെട്ടിട നിർമ്മാണം (പ്രോജക്ട് നം. 117/18) | 0 | 1000000 |

## **4-2** നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | കെ ഡബ്ല്യു എ | പഞ്ചായത്തിന്റെ വിവിധ | വൗച്ചർനമ്പർ 21701191- | 1500000 | 1500000 | വിനിയോഗ സാക്ഷ്യപത്രം |

| | | | | | | |
|---|---|---|---|---|---|---|
| | | ഭാഗങ്ങളിൽ കെ ഡബ്ല്യു എ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 149/18) | 28/03/2018 ; ചെക്ക്നം 6886366<br>വൗച്ചർനമ്പർ 21701197 – 28/03/2018 ചെക്ക്നം 6886367<br>വൗച്ചർനമ്പർ 21701198 – 28/03/2018 ചെക്ക്നം 6886368 | | | ലഭ്യമായില്ല. |
| 2 | കെ ഡബ്ല്യു എ | കാടാചിറ-(71)<br>പനോണേറി -(69)<br>കടമ്പൂർ-(64)<br>എന്നീ അങ്കണവാടി കൾക്ക് വാട്ടർ കണക്ഷൻ (പ്രോജക്ട് നം. 25/18) | ബിൽനം 6/ 16/08/17 | 183000 | 183000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| 3 | കെ ഡബ്ല്യു എ | എടക്കാട് മത്സ്യമാർക്കറ്റിൽ<br>വാട്ടർ കണക്ഷൻ (പ്രോജക്ട് നം. 26/18) | ബിൽനം 7/ 16.08/17 | 8000 | 8000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 45 | കെ.എസ്.ഇ.ബി. | പട്ടികജാതി വർക്ക് ഷെഡിന് വൈദ്യുതി കണക്ഷൻ ബിൽനം 10/28-03-18 (പ്രോജക്ട് നം. 148/18) | | 16331 | 16331 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| | | ആകെ | | 1707331/- | 1707331/- | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2003-04 | 3.3 | 1500 | സജീവൻ പി കെ എൽഡി സി | 117020104188 29/12/2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 38874091 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 35193993 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,81,800 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3400 | ശ്രീമതി.ബിന്ദു എൻ കെ,കൃഷി ഓഫീസർ |
| 3-2 | 68400 | ശ്രീ.കൃഷ്ണ എസ്.,കൃഷി ഓഫീസർ (43800/- രൂപ)<br>ശ്രീ.ബിന്ദു എൻ കെ,കൃഷി ഓഫീസർ (36,000/- രൂപ) |
| 3-6(2) | 30,000 | ശ്രീ.ബിബിൻചന്ദ്ര വി.ബി.,വി.ഇ.ഒ(കടമ്പൂർ) |
| 3-8 | 80,000 | ശ്രീ.ഉമേഷ്ബാബു കോട്ടായി,സെക്രട്ടറി |
| ആകെ | 1,81,800 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.കൃഷ്ണ എസ്. | കൃഷി ഓഫീസർ | കൃഷ്ണ ദർശനം, ആലുംപറമ്പ്, പേരമംഗലം ,പാലക്കാട് |
| ശ്രീ.ബിന്ദു എൻ കെ | കൃഷി ഓഫീസർ | റിതം , പള്ളിക്കുന്നു പി ഒ |
| ശ്രീ.ബിബിൻചന്ദ്ര വി.ബി. | വി.ഇ.ഒ(കടമ്പൂർ) | വിനായക ,മുണ്ടലൂർ പി ഒ, പെരളശ്ശേരി- 670622 |
| ശ്രീ.ഉമേഷ്ബാബു കോട്ടായി, | സെക്രട്ടറി | കോത്തല ഹൗസ്, കതിരൂർ , കതിരൂർ പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്./കെ.എൻ.ആർ/സി.2/182 /09(12)തീ.19-4-2012 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.6/578/18 തീ.21-03-18 | 2 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.6/578/18 തീ.21-03-18 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.6/578/18 തീ.21-03-18 | 7 |
| 2007-08 | എൽ.എഫ്./കെ.എൻ.ആർ/സി.2/159 /15(2)തീ.6-10-2015 | 17 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്./കെ.എൻ.ആർ/സി.2/159 /15(1)തീ.6-10-2015 | 15 |
| 2011-12<br>2012-13 | എൽ.എഫ്./കെ.എൻ.ആർ/സി.2/723 /14തീ.5-12-2014 | 23 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.2/1002 /16തീ.17-6-2016 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.2/1971 | 9 |

| | | |
|---|---|---|
| | /2016തീ. 3-12-2016 | |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി6/270/2018 തീ. 19-02-18 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ /കെ.എൻ.ആർ /സി.6/2048/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,

ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 18.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-2-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Kandambur Grama Panchayath Receipt & Payment Statement

For the period from 01 April 2017 to 31 March 2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 4308392.00 |
| | Cash | RP-40(a) | 0.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 1206480.00 |
| 130000000 | Rental Income panchayath Properties | RP-3 | 100.00 |
| 140000000 | Fees &User Charges | RP- 4 | 363091.00 |
| 150000000 | Sale &Hire Charges | RP- 5 | 60552.00 |

| | | | |
|---|---|---|---|
| 151000000 | Receipts from transferred institutions | RP-6 | 9530.00 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 25196815.00 |
| 171000000 | Interest Earned | RP- 9 | 102517.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 8379915.00 |
| 350000000 | Other Liabilities | RP-36 | 79574.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 53277.00 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 1500.00 |
| 311000000 | Earmarked Funds | RP-29 | 856.00 |
| 340000000 | Deposits Received | RP- 34 | 225400.00 |
| 350000000 | Other Liabilities | RP- 36 | 161891.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 3005593.00 |
| 460000000 | Loans,Advances and Deposits | RP- 47 | 27000.00 |
| Grand Total | | | 43182483.00 |

| | | | |
|---|---|---|---|
| Payments | | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2688915.00 |
| 220000000 | Administrative Expenses | RP-12 | 861216.00 |
| 230000000 | Operatations &Maintanance | RP-13 | 1225965.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 2860704.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 8098191.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 1133204.00 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 1080890.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 407500.00 |
| 255000000 | Maintanance Projects | RP-20 | 2935379.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | RP-21 | 91642.00 |

| | | | |
|---|---|---|---|
| | | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 20000.00 |
| 280000000 | Prior Period Item | RP-26 | 12399.00 |
| 350000000 | Other Liabilities | RP-36 | 4086903.00 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 49148.00 |
| 340000000 | Deposits Received | RP-34 | 278789.00 |
| 350000000 | Other Liabilities | RP-36 | 2367515.00 |
| 410000000 | Fixed Assets | RP-38 | 5313633.00 |
| 460000000 | Loans,Advances and Deposits | RP-47 | 1682000.00 |
| | Closing Balance | | |
| | Bank | RP-40(b) | 7956017.00 |
| | Cash | RP-40(b) | 32473.00 |
| Grand Total | | | 43182483.00 |

# അനുബന്ധം-2-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Kadambur Grama Panchayath Income And Expenditure Statement

For the period from 01 April 2017 to 31 March 2018

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 3954214.00 |
| 130000000 | Rental Income from panchayath properties | I-3 | 100.00 |
| 140000000 | Fee &User charges | I-4(b) | 476091.00 |
| 150000000 | Sale &Hire Charges | I-5(b) | 60552.00 |
| 151000000 | Receipts from transferred institutions | I-5(a) | 9530.00 |
| 160000000 | Revenue Grants,Funds,Contributions& Compensations | I-6 | 63179926.00 |
| 171000000 | Interest Earned | I-8 | 102517.00 |
| 180000000 | Other Income | I-9 | 1500.00 |
| A | Total Income | | 67784430.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 9104313.00 |
| 220000000 | Administrative Expenses | I-11(b) | 861986.00 |
| 230000000 | Operations &Maintanance | I-12(b) | 1249965.00 |

| | | | |
|---|---|---|---|
| 240000000 | Interest &Finance Charges | I-13 | 49148.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 4926606.00 |
| 251000000 | Decentralised Plan programme – Service Sector | I-14(a) | 11064951.00 |
| 252000000 | Decentralised Plan programme – Infrastructure Sector | I-14(b) | 810339.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 1080890.00 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | I-14(d) | 34354000.00 |
| 255000000 | Maintanance Projects | I-14(e) | 2935379.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 91642.00 |
| 260000000 | Grants Contributions and Compensations from Own Fund | I-15 | 20000.00 |
| 272000000 | Depreciation | I-17(a) | 5747058.00 |
| B | Total – Expenditure | | 72296277.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (4511847.00) |
| D=280000000 | Prior period Item | I-18 | 1279541.00 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to reserve funds | | (5791298.00) |

| | | | |
|---|---|---|---|
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

# അനുബന്ധം-2-3

## ബാലൻസ് ഷീറ്റ്

Kadambur Grama Panchayath Balance Sheet as on 31 March 2018

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| LIABILITIES | | | |
| Reserve &surplus | | | |
| 310000000 | Panchayat Funds | B-1 | (6745646.00) |
| 311000000 | Earmarked Funds | B-2 | 17970.00 |
| 312000000 | Reserves | B-3 | 22257498.00 |
| Total Reserve &surplus | | | 15529822.00 |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 4968643.00 |
| Total Grants,Funds &Contributions for Specific Purposes | | | |
| 340000000 | Deposits Received | B-7 | 305601.00 |
| 350000000 | Other Liabilities | B-9 | 719417.00 |
| | Total Current Liabilities and Provisions | | 1025018.00 |
| | Total Liabiliities | | 21523483.00 |
| Fixed Assets | | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 32164951.00 |
| 411000000 | Accumulated Depreciation | B-11 | (20417730.00) |
| | Total Fixed Assets | | 11747221.00 |
| Current Assets,Loans and Advances | | | |
| 431000000 | Sundry Debtors (Receivables) | B-15 | 205367.00 |
| 450000000 | Cash and Bank balance | B-17 | 7988490.00 |
| 460000000 | Loans,Advances and Deposits | B-18 | 1582405.00 |
| | Total Current Assets,Loans and Advances | | 9776262.00 |
| | Total Assets | | 21523483.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.